**August: 3**

# KGBEU OU ബുള്ളറ്റിൻ 39/2022

സഖാക്കളെ,

വിഷയം: ആശ്രിത നിയമനം

നമ്മുടെ ബാങ്കിൽ ആശ്രിത നിയമനം  നടപ്പിലാക്കാനുള്ള സർക്കുലർ ഇറങ്ങിയിട്ട് മൂന്നര വർഷം പിന്നിട്ടു.  എന്നാൽ ഇതുവരെ ഒരാളിനെ പോലും ആ വിധത്തിൽ നിയമിച്ചിട്ടില്ല.  ഈ കാലത്തിനിടയിൽ നിരവധി ജീവനക്കാർ നമ്മെ വിട്ടു പോയിട്ടുണ്ട്.  പല അപേക്ഷകളും അശ്രിത നിയമനം വഴി ജോലി ലഭിക്കാൻ വന്നിട്ടുമുണ്ട്. എന്നാൽ, എല്ലാം നിരസിക്കുകയാണ് നിലവിൽ ചെയ്തിരിക്കുന്നത്. OATD കേഡറിൽ ജോലി ചെയ്തുകൊണ്ടിരിക്കെ മരണപ്പെട്ട ജീവനക്കാരന്റെ ഭാര്യയ്ക്ക് ആ തസ്തികയിൽ ആശ്രിത നിയമനം വഴി അപേക്ഷിച്ചപ്പോഴും വേക്കൻസി ഇല്ല എന്ന് പറഞ്ഞ് അപേക്ഷ മടക്കുകയാണ് ഉണ്ടായത്. ഈ വിഷയം നേരത്തെ പലതവണ മാനേജ്മെന്റുമായി സംസാരിച്ചുവെങ്കിലും അനുകൂലമായി തീരുമാനം ഉണ്ടായിട്ടില്ല. തുടർന്ന് കഴിഞ്ഞദിവസം ചെയർമാനുമായി സംസാരിക്കുകയും വിഷയത്തിന്റെ ഗൗരവം അദ്ദേഹത്തെ ബോധ്യപ്പെടുത്തുകയും ചെയ്തു. ജനറൽ മാനേജരുമായി സംസാരിച്ച് ഉചിത മായ തീരുമാനമെടുക്കാം എന്ന് അദ്ദേഹം പ്രതികരിച്ചിട്ടുണ്ട്.  ആ വിഷയം നാം follow up ചെയ്തു വരികയാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ